**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.304** **28/01/2019-ൽ മറുപടിക്ക്**

## ഹോമിയോ ഡിസ്പെൻസറികൾ

**ചോദ്യം**
ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ, 2018-19 സംസ്ഥാന വാർഷിക പദ്ധതി പ്രകാരം പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) & (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചു. ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ടി പ്രൊപ്പോസലിൽ ഉൾപ്പെട്ടിരിക്കുന്ന പഞ്ചായത്തുകളിൽ നിലവിലുള്ള മറ്റ് സർക്കാർ ചികിത്സാ കേന്ദ്രങ്ങളുടെ വിവരങ്ങൾ, ഇവയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്, ഇതിലേക്കായി ഉപകരണ സംഭരണത്തിനായി വേണ്ടിവരുന്ന ചെലവ്, ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നൽകാൻ സന്നദ്ധമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പഞ്ചായത്തിന്റെ സമ്മതപത്രത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു. 2018-19 വാർഷിക പദ്ധതി പ്രകാരം പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ മങ്കട ഗ്രാമ പഞ്ചായത്തിന്റെ പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മങ്കട ഗ്രാമപഞ്ചായത്തിന്റെ പേര് പ്രസ്തുത വാർഷിക പദ്ധതിയിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | 2018-19 സാമ്പത്തിക വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ മങ്കടയിലെ പി.എച്ച്.സി.കളിൽ എന്തെല്ലാം മാറ്റങ്ങൾ നിലവിൽ വന്നിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി സി.എച്ച്.സി.യേയും, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, ചെമ്മലശ്ശേരി, മൂർക്കനാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന 15.50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തികൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.